**കേരള സർക്കാർ**

<u>സംഗ്രഹം</u>

പെൻഷൻ – ശ്രീമതി.എം.കെ.രമാവതിയ്ക്ക് കുടുംബ പെൻഷൻ കുടിശ്ശിക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(സാധാ) നം.**5188/2018/**ധന          തിരുവനന്തപുരം, തീയതി .20/06/2018

---

പരാമർശം:- (1) അക്കൗണ്ടന്റ് ജനറലിന്റെ 01/01/2018 – ലെ പി4/Pen.A/B/1226/1962.63/1307 നമ്പർ കത്ത്.

(2) ശ്രീമതി. എം.കെ രമാവതിയുടെ 27/03/2018 – ലെ അപേക്ഷ.

(3) പി.പി.ഒ.നമ്പർ - 3100000943

**<u>ഉത്തരവ്</u>**

കുടുംബ പെൻഷൻ വാങ്ങിവരവെ മാതാവ് എം.മാധവി 15/09/2004 ൽ മരണപ്പെട്ടതിനാൽ അർഹത സർട്ടിഫിക്കറ്റിന്റെ തീയതിയായ 24/03/2006 മുതലുള്ള കുടുംബ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന് കുമാരി.എം.കെ.രമാവതി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. കുമാരി എം.കെ.രമാവതിയ്ക്ക് 29/02/2012 മുതൽ കുടുംബ പെൻഷൻ അനുവദിച്ചിരുന്നതായും കുടുംബ പെൻഷൻ അപേക്ഷ തീയതിയായ 11/02/2007 മുതൽ 28/02/2012 വരെയുള്ള കുടുംബ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും അക്കൗണ്ടന്റ് ജനറൽ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻ പ്രകാരം കുമാരി എം.കെ.രമാവതിയ്ക്ക് 11/02/2007 മുതൽ 28/02/2012 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3). പ്രസ്തുത കുടുംബ പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ അധികാരദാനം പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. രാജശ്രീ
അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.

3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഓഫീസർ, പെൻഷൻ പെയ്മെന്റ് സബ്ട്രഷറി, തലശ്ശേരി.
5. കുമാരി. എം.കെ.രമാവതി, ഞാറയ്ക്കൽ പി.ഒ, മാഹി - 673310, പുതുച്ചേരി സ്റ്റേറ്റ്
6. The Nodal Officer.www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E-113768)

ഉത്തരവിൻ പ്രകാരം

Sreekala

സെക്ഷൻ ഓഫീസർ